**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മൽസ്യബന്ധന തുറമുഖ വകുപ്പ് - മൽസ്യത്തൊഴിലാളികൾക്കുള്ള ഉൽപ്പാദന ബോണസ് പദ്ധതി - മാർഗരേഖ അംഗീകരിച്ചു -ഉത്തരവാകുന്നു.

---

**മൽസ്യബന്ധന തുറമുഖ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.139/2019/മ.തു.വ** തീയതി,തിരുവനന്തപുരം, 18/02/2019

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 08.02.2019ലെ എൻ218294/2017 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പ്രാഥമിക സഹകരണ സംഘങ്ങൾ ശാക്തീകരിച്ച് മത്സ്യലേലം നടത്തുന്നതിനും അതുവഴി മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യശീലം വളർത്തേണ്ടതും അവരുടെ ഉന്നമനത്തിനും മത്സ്യമേഖലയുടെ ആകെ പുരോഗതിക്കും ആവശ്യമായി വന്നിരിക്കുന്ന സാഹചര്യത്തിലാണ് മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന ബോണസ് എന്ന പദ്ധതി നടപ്പിലാക്കുന്നത്. മത്സ്യലേല പങ്കാളിത്ത രജിസ്റ്റർ പ്രകാരമുള്ള ഗ്രൂപ്പുകളിലെ അംഗങ്ങൾക്ക് തങ്ങളുടെ സംഘം വഴി മത്സ്യലേലം ചെയ്യുന്നതിന്റെ മൊത്തം വിലയുടെ 1% തുക മത്സ്യത്തൊഴിലാളി ഗ്രൂപ്പിന്റെ സമ്പാദ്യമായി സംഘത്തിൽ നിക്ഷേപിക്കേണ്ടതും ആയതിന് ആനുപാതികമായി 0.5% തുക സർക്കാർ വിഹിതവും ഉൾപ്പെടെ 1.5% തുക മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്ന പദ്ധതിയാണ് ഉൽപ്പാദന ബോണസ് പദ്ധതി. ടി പദ്ധതി പ്രകാരം പ്രൊഡക്ഷൻ ബോണസ് വിതരണം ചെയ്യുന്നതിലേക്ക് മാനദണ്ഡം നിശ്ചയിക്കുന്നതിനായി ഫിഷറീസ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ മേൽ പ്രപ്പോസൽ വിശദമായി പരിശോധിച്ചു . മത്സ്യത്തൊഴിലാളികൾക്ക് ഉൽപ്പാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി നടപ്പിലാക്കുന്ന ഉല്പാദന ബോണസ് പദ്ധതിയുടെ മാർഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു. അംഗീകരിച്ച മാർഗരേഖ അനുബന്ധമായി ചേർത്തിരിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗിരിജ കുമാരി.ജി**

**ജോയിന്റ് സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം

മാനേജിങ് ഡയറക്ടർ , മൽസ്യഫെഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (26.12.2018ലെ DEV-3/271/2018-FIN നമ്പർ കുറിപ്പ് പ്രകാരം)

വിവരവും പൊതുജന സമ്പർക്കവും വകുപ്പ്(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ